നിക്ഷേപക സംഗമങ്ങൾ

215 (582) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ സംസ്ഥാനത്തെ വ്യാവസായിക വളർച്ചയ്ക്കായി നിക്ഷേപക സംഗമങ്ങൾ ഉൾപ്പെടെ എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ പരിപാടികളുടെയും സംഘാടനത്തിനും പ്രചാരണത്തിനുമായി ഇതിനകം എന്ത് തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പരിപാടികളിലൂടെ സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിൽ എത്ര രൂപയുടെ നിക്ഷേപം ശേഖരിച്ചെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത നിക്ഷേപം സ്വീകരിച്ച ഓരോ പദ്ധതികളുടെയും പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി സംരംഭകത്വ സഹായ പദ്ധതിവഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, ബാംബൂ ഫെസ്റ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തിവരുന്നു.

സംസ്ഥാനത്തെ വ്യവസായ വികസനത്തിനും നിക്ഷേപ സാദ്ധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും. എമർജിംഗ് കേരള, യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ് മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുണ്ട്.

കേരളത്തിലെ വിദ്യാർത്ഥി/യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിലേക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ 'യുവ സംരംഭക സംഗമം' (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി 'യെസ് ക്യാൻ 2015' എന്ന പേരിൽ യുവസംരംഭകർക്കായി ഒരു സംഗമവും കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. രൂപംകൊടുത്തതാണ് 'വി മിഷൻ കേരള'. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാസംരംഭകർക്ക് ഉപദേശക നിർദ്ദേശക പിന്തുണയും, മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വ സമ്മേളനം (WE Summit 2015, WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) എമർജിംഗ് കേരള 2012-മായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി 19.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

യുവ സംരംഭകത്വ സംഗമം 2014 സംഘടിപ്പിക്കുന്നതിന് നാളിതുവരെ 170.07 ലക്ഷം രൂപയും യെസ് ക്യാൻ 2015-ന്റെ നടത്തിപ്പിനായി 220.40 ലക്ഷം രൂപയും വിവിധയിനങ്ങളിൽ ചെലവായിട്ടുണ്ട്.

വി മിഷൻ 2015-ന്റെ നടത്തിപ്പിലേക്കായി നാളിതുവരെ 36.12 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. നവംബർ 19-ന് നടത്തിയ WE Summit 2015-ന്റെ കണക്കുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

(സി&ഡി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32,137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23,334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ 2014-ൽ സംഘടിപ്പിച്ച യെസും 2015-ൽ സംഘടിപ്പിച്ച യെസ് ക്യാനും വനിതാ സംരംഭകത്വ സമ്മേളനവും നിക്ഷേപസമാഹരണ സംഗമങ്ങൾ ആയിരുന്നില്ല.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ,

LIBRARY ARCHIVES Kerala Legislative Assembly

എം.എസ്.എം.ഇ. ഉൽപ്പന്ന-വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി എന്നിവ ബ്ലോക്ക്-താലൂക്ക്-മുനിസിപ്പാലിറ്റി-ജില്ലാതലങ്ങളിൽ നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിംഗ് കേരള തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു.

അങ്കമാലി ടെൽകിന്റെ സാമ്പത്തികനഷ്ടം

216 (583) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പതിനഞ്ച് വർഷമായി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അങ്കമാലി ടെൽക് കഴിഞ്ഞ സാമ്പത്തിക വർഷം (2014-15) മുപ്പത്തിമൂന്ന് കോടി രൂപ നഷ്ടത്തിലായതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ ;

(ബി) ടെൽക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ;

(സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ 2014 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് സി ആന്റ് എ ജി 23-3-2015-ന് നിയമസഭയിൽ വച്ച 2015-ലെ ആദ്യത്തെ റിപ്പോർട്ടിൽ ടെൽക്കിലെ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ വീഴ്ചമൂലം 7.5 കോടിയിലധികം നഷ്ടം വന്നതായി ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) 2015- 2016 ൽ ടെൽക്കിന്റെ പ്രതീക്ഷിക്കുന്ന വിറ്റുവരവ് എത്രയാണെന്നും പ്രതീക്ഷിക്കുന്ന ലാഭ/നഷ്ടം എത്രയാണെന്നും വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) മോശമായ വിപണി സാഹചര്യങ്ങൾ കാരണമാണ് 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് നഷ്ടത്തിലായത്. പദ്ധതികളിലെ കാലവിളംബംമൂലം വിപണിയിൽ 30% അധിക ശേഷിയുണ്ടാകുകയും ആയത് കടുത്ത മത്സരത്തിനും കുറഞ്ഞ വില നിലവാരത്തിനും കുറഞ്ഞ ലാഭത്തിനും കാരണമാകുകയും ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷം മിക്കവാറും എല്ലാ ട്രാൻസ്ഫോർമർ കമ്പനികളുടെയും പ്രകടനം വളരെ മോശമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly